കാസർകോഡ് ജില്ല

ഷിരിയ
കാവുഗോളി
കസബ
കോയിപ്പാടി
സങ്കരാമഞ്ഞ് ചെശ്വർ

ടൂറിസം വികസനത്തിന് പദ്ധതികൾ

* 187. [207] ശ്രീ. ഇ. ജെ. ലൂക്കോസ് :
,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ടൂറിസം വികസനത്തിനു വേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

ടൂറിസ്റ്റുകൾക്ക് വേണ്ട താമസ, ക്ഷേണ, യാത്രാ സൗകര്യങ്ങളും, ജലക്രീഡയ്ക്കും മറ്റു വിനോദങ്ങൾക്കും വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. കോവളത്ത് വാട്ടർസ്പോർട്ട്സ് നടത്തുന്നതിനും, കടൽത്തീരം വൃത്തിയായി സൂക്ഷിക്കുന്നതിനും അവിടെ അപകടമരണങ്ങൾ ഒഴിവാക്കുവാൻ നീന്തലിൽ വൈദഗ്ദ്ധ്യം നേടിയ ലൈഫ്ഗാർഡുകളെ നിയമിക്കുക, മറ്റു രക്ഷാനടപടികൾ കൈക്കൊള്ളുക എന്നിവയും ചെയ്തുവരുന്നുണ്ട്. വേളി ഒരു നല്ല വിശ്രമകേന്ദ്രമായി വികസിപ്പിക്കുവാനുള്ള പണികൾ ധൃതഗതിയിൽ നടന്നുവരുന്നു. റോഡുയാത്രക്കാർക്കായി കൊട്ടാരക്കര, ആലപ്പുഴ, പാലക്കാട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിൽ അഞ്ചു മോട്ടലുകൾ പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കുന്നിൻ പ്രദേശങ്ങളിൽ 'ട്രെക്കിംഗ്' നടത്തുവാനുള്ള സാധനസാമഗ്രികൾ കേന്ദ്രസഹായത്തോടെ വാങ്ങിക്കഴിഞ്ഞു. പൊന്മുടിയിൽ ഒരു മാൻപാർക്ക് ഉടൻ നിലവിൽ വരുന്നതാണ്. അവിടെ ഒരു 'വാക്-ഇൻ-എവിയറി' നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേയിൽ പല സ്ഥലങ്ങളിലും ടോയലറ്റ് സൗകര്യങ്ങൾക്കുവേണ്ട ഏർപ്പാടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മലമ്പുഴയിൽ ഒരു റോപ്പ്വേ പണിയുവാനുള്ള പ്രാരംഭപ്രവർത്തനം നടത്തിവരുന്നു. തിരുവനന്തപുരത്തും കൊല്ലത്തും ഇടത്തരം ടൂറിസ്റ്റുകൾക്കായി യാത്രിനിവാസുകൾ പണിയുക, കാലടി, ശബരിമല തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥാടകർക്കായി യാത്രികൾ പണിയുക ഇവയ്ക്ക് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ കെ. ടി. ഡി. സി. യുടെ ആഭിമുഖ്യത്തിൽ കണ്ടക്ടഡ് ടൂറുകളും നടത്തിവരുന്നുണ്ട്. ഇങ്ങനെ അനേകം പദ്ധതികൾ ടൂറിസം വികസനത്തിനായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ യൂണിവേഴ്സിറ്റി

* 188. [208] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly